**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1739** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി പുനരധിവാസ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കടയിൽ ഭിന്നശേഷി പുനരധിവാസ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിനായുള്ള ഡി.പി.ആർ. തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; ഇതിനായുള്ള തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷി പുനരധിവാസഗ്രാമം നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തി പഞ്ചായത്തിന് കൈമാറിയ 50 സെന്റ് ഭൂമിയും (പാറച്ചൽ വാർഡിലെ കുളത്തുമ്മൽ വില്ലേജിലെ ബ്ലോക്ക് നം. 9-ൽ റീസർവ്വേ 401-5-ൽ ഉൾപ്പെട്ട 20.20 ആർ (50 സെന്റ് ഭൂമി) എം.എൽ.എ. ഫണ്ടിൽ നിന്നും പ്രസ്തുത പദ്ധതിയ്ക്കായി കാട്ടാക്കട പഞ്ചായത്തിന് വേണ്ടി വാങ്ങാൻ ഉദ്ദേശിക്കുന്ന 50 സെന്റ്ഭൂമിയും ചേർത്ത് ആകെ ഒരേക്കർ വസ്തു സാമൂഹ്യനീതിവകുപ്പിന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടി വസ്തു സാമൂഹ്യനീതിവകുപ്പിന് കൈമാറുന്ന നടപടിക്രമത്തിന്റെ ഭാഗമായി സ്കെച്ചും പ്ലാനും തയ്യാറാക്കുന്നതിനായി നിലവിൽ ഫയൽ റവന്യൂ വകുപ്പിലെ ഭൂരേഖാ തഹസിൽദാർക്ക് പഞ്ചായത്ത് അധികാരികൾ സമർപ്പിച്ചിട്ടുണ്ട്.<br><br>കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷി പുനരധിവാസഗ്രാമം ആരംഭിക്കുന്നതിനായി , സാമൂഹ്യനീതിവകുപ്പിന് ഭൂമി കൈമാറിക്കിട്ടിയിട്ടില്ല. പ്രസ്തുത ഭൂമി കൈമാറിക്കിട്ടുന്നമുറക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ നിശ്ചയിക്കുന്നതടക്കമുള്ളവ പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ